I.ഇ.ബി.XI-കേരള നിയമസഭ/IV-3

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂൺ 14, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

### ആദിവാസി സമരം

മി.സ്പീക്കർ: കിടപ്പാടം ഇല്ലാത്ത മുഴുവൻ ആദിവാസികൾക്കും ഭൂമി ലഭിക്കുന്നതിനുവേണ്ടി ഭൂസമരം നടത്തിവരുന്നവരുമായി ചർച്ച ചെയ്ത് പ്രശ്ന പരിഹാരമുണ്ടാക്കാൻ തയ്യാറാകാതെ ഗർഭിണികളായ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ആയിരക്കണക്കിന് ആദിവാസികളെ നിത്യേന അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചുകൊണ്ടിരിക്കുന്നതിൽ പ്രതിഷേധിച്ച് വയനാട് ജില്ലയിൽ ഇന്നു രാവിലെ ആറുമണി മുതൽ ഹർത്താൽ നടത്തുന്നതിനാൽ ജനജീവിതം സ്തംഭിക്കുകയും ഗതാഗതം പൂർണ്ണമായി തടസ്സപ്പെടുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരവും പ്രക്ഷുബ്ധവുമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എം.വി.ജയരാജൻ, പി.എസ്. സുപാൽ, എ.എ.അസീസ്, എ.സി. ഷൺമുഖദാസ്, വി.സി.കബീർ, ഡോ.കെ.സി.ജോസഫ്, ഡോ.എ. നീലലോഹിതദാസൻ നാടാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ.എ.കെ.ആന്റണി): കേരളത്തിലെ കിടപ്പാടമില്ലാത്ത മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകണമെന്ന ഉറച്ച തീരുമാനവുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. സമരം ചെയ്യുന്നവരുമായി ചർച്ച നടത്താതിരിക്കാനോ സമരം അടിച്ചമർത്താനോ സർക്കാർ പിടിവാശി കാണിക്കുന്നില്ല. ഇന്നു ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇതു സംബന്ധിച്ച് ശ്രീ. കണാരനുമായി ചർച്ച ചെയ്യുന്നതാണ്. ആദിവാസികളോട് അനുഭാവപൂർവമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വയനാട് ജില്ലയിൽ തലപ്പുഴ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട തിണ്ടുമ്മേൽ ഫോറസ്റ്റു ഭൂമിയിൽ ആദിവാസികൾ അനധികൃതമായി കടന്നുകയറി കുടിൽ കെട്ടിയതിനെത്തുടർന്ന് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ അവ പൊളിച്ചുമാറ്റുകയുണ്ടായി. ഈ സംഭവത്തോടനുബന്ധിച്ച് 31 സ്ത്രീകളേയും 124 പുരുഷന്മാരേയും അറസ്ററു ചെയ്യുകയും ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള സർക്കാരിന്റെ നടപടികളുമായി സഹകരിക്കുകയും ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ.എം.വി.ജയരാജൻ: വയനാട്ടിൽ ആദിവാസികൾ പട്ടിണിമൂലം ചത്തൊടുങ്ങുകയാണ്. എട്ടു മാസം മുമ്പ് ആദിവാസി സമരവുമായി ബന്ധപെട്ട് സർക്കാർ എടുത്ത തീരുമാനം നടപ്പാക്കിയിട്ടില്ല. ഒരു പിടി മണ്ണിനും തൊഴിലിനും വേണ്ടി സംസ്ഥാനത്താകെ ആദിവാസികൾ സമരത്തിലാണ്. 2002 ജനുവരി ഒന്നോടുകൂടി സംസ്ഥാനത്തെ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുമെന്ന സർക്കാരിന്റെ വാഗ്ദാനം പാലിക്കപ്പെടാത്തതിനെത്തുടർന്ന് മൂന്നു മാസമായി നടത്തിവരുന്ന സമരം കണ്ടില്ലെന്നു നടിക്കുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ചാണ് ഇന്ന് വയനാട് ജില്ലയിൽ ഹർത്താൽ ആചരിക്കുന്നത്. ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും ഫലമായി കാർഷിക മേഖല തകരുകയും തൊഴിൽ ഇല്ലാതാവുകയും ചെയ്തതിനെത്തുടർന്ന് ആദിവാസികൾ പട്ടിണി മരണത്തെ നേരിട്ടുകൊണ്ടിരിക്കുന്നു. ആദിവാസി സമരത്തെ തുടർന്നു നൽകിയ വ്യവസ്ഥകൾ പാലിക്കപ്പെടുകയോ പ്ളാനിംഗ് ബോർഡിന്റെ തീരുമാനം നടപ്പാക്കുകയോ ചെയ്തിട്ടില്ല. ഈ സർക്കാർ കാടിന്റെ മക്കളോടു കാണിക്കുന്ന ക്രൂരതയ്ക്ക് എതിരായാണ് വയനാട്, ഇടുക്കി, പാലക്കാട്, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിൽ ആദിവാസികൾ സമരം നടത്തുന്നത്. ആദിവാസികളെ ക്രൂരമായി പീഡിപ്പിക്കുകയാണ്. മുഖ്യ മന്ത്രി മുൻകൈയെടുത്ത് ചർച്ച നടത്തി ഇവരുടെ പ്രശ്നം പരിഹരിക്കണം. അറസ്റ്റു ചെയ്ത് ജയിലിൽ അടയ്ക്കപ്പെടുന്ന ആദിവാസികളോട് മനുഷ്യത്വരഹിതമായി പെരുമാറി. ഇത്രയും ഗുരുതരവും ഗൗരവമർഹിക്കുന്നതുമായ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ.എ.കെ.ആന്റണി): വാർത്താ പ്രാധാന്യം നൽകി കേരളത്തിലെ 73000 ആദിവാസികൾക്ക് ഭൂമി പതിച്ചുകൊടുക്കാൻ പോകുന്നുവെന്ന് പറഞ്ഞ് വമ്പിച്ച വാർത്താ പ്രാധാന്യം നൽകി 1997-ൽ അട്ടപ്പാടിയിൽവച്ച് അതിന്റെ ഉത്ഘാടനം നടത്തിയെങ്കിലും അതു പ്രകാരം ആർക്കും ഭൂമി നൽകിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം

16.10.2001–ലാണ് ആദിവാസി സമരം ഒത്തുതീർപ്പിലായത്. ഇടുക്കി ജില്ലയിലെ മറയൂരിൽ 242 ആദിവാസി കുടുംബങ്ങൾക്ക് 363 ഏക്കർ ഭൂമിയും, കുണ്ടളയിൽ 141 ആദിവാസി കുടുംബ ങ്ങൾക്ക് 705 ഏക്കർ ഭൂമിയും, പൂപ്പാറയിൽ 41 ആദിവാസി കുടുംബങ്ങൾക്ക് 41 ഏക്കർ ഭൂമിയും, കണ്ണൂർ ജില്ലയിലെ പഴശ്ശിയിൽ 132 ആദിവാസി കുടുംബങ്ങൾക്ക് 145 ഏക്കർ ഭൂമിയും ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ സെപ്തംബർ മാസത്തോടുകൂടി വീണ്ടും ഭൂമി വിതരണം നടത്തും. മറ്റ് ജില്ലകളിൽ ഭൂമി ഐഡന്റിഫൈ ചെയ്യാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അധീനതയിലുള്ള റവന്യൂ ഭൂമി എത്രയും വേഗം വിതരണം ചെയ്യുകയും കൂടാതെ 12000 ഹെക്ടർ വനഭൂമി വിട്ടുതരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരി ക്കുകയുമാണ്. വാർഷിക ബഡ്ജററിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ ആദിവാസി മിഷന്റെ മേൽനോട്ടത്തിൽ 23 കോടി രൂപ ആദിവാസികൾക്കുവേണ്ടി വിനിയോഗിക്കാൻ ഈ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കൂടാതെ 300 ആദിവാസി യുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റിൽക്കൂടി ഫോറസ്റ്റു ഗാർഡുമാരായി നിയമിക്കാനുള്ള നടപടി നടന്നുവരുന്നു. ജൂൺ മാസം മുതൽ ഓണം കഴിയുന്നതുവരെ ഫുഡ് ഫോർ വർക്ക് സ്കീമിൽ ഉൾപ്പെടുത്തി ആദിവാസി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ കൊടുക്കാൻ ഗവൺമെന്റ് നടപടി ആരംഭിച്ചി രിക്കുകയാണ്. ഘട്ടംഘട്ടമായി കേരളത്തിലെ മുഴുവൻ ആദിവാസികൾക്കും ഭൂമി കൊടു ക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. വനം വകുപ്പുമന്ത്രിയുമായി സംസാരിച്ച് ഈ സമരം അവസാനിപ്പിക്കണം. എല്ലാവരും ഒരുമിച്ചുനിന്ന് ആദിവാസികളുടെ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കാം. ഇത് അടിയന്തിരപ്രമേയമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ വി. എസ്. അച്ചുതാനന്ദൻ, ബിനോയ് വിശ്വം എന്നീ പ്രതിപക്ഷകക്ഷിനേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടോപ്പം സഭ വിട്ട് പുറത്തുപോയി. സർവശ്രീ എ.സി.ഷൺമുഖദാസ്. എ.എ. അസീസ്, ഡോ. എ നീലലോഹിതദാസൻ നാടാർ, ഡോ. കെ.സി. ജോസഫ്, എന്നിവരും പ്രസ്താവന നടത്തിയതിനുശഷം സഭ വിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

## ക്രമപ്രശ്നം

വാക്കൗട്ടിൽ പങ്കെടുത്ത് സംസാരിക്കുന്നതു സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : കഴിഞ്ഞ നിയമസഭയിൽ ഒരംഗം മാത്രം ഉണ്ടായിരുന്ന രാഷ്ട്രീയ പാർട്ടികളിലെ അംഗങ്ങൾക്ക് വാക്കൗട്ടിൽ പങ്കെടുത്ത് സംസാരിക്കാൻ അവസരം നൽകിയിരുന്നില്ല. ആ കീഴ്‌വഴക്കം അനുസരിച്ച് ശ്രീ. എ.സി.ഷൺമുഖദാസിന് വാക്കൗട്ടിൽ പങ്കെടുത്ത് സംസാരിക്കാമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്.

മി. സ്പീക്കർ : അക്കാര്യം പരിശോധിക്കാം.

## II ശ്രദ്ധ ക്ഷണിക്കൽ

### (1) 2002 ജനുവരി 16-ലെ സർക്കാർ ഉത്തരവിനു ശേഷം ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്തതു മൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ: നിയമന നിരോധനം നിലവിലില്ല എന്ന് ഗവൺമെന്റ് പറയുന്നുണ്ടെങ്കിലും 2002 ജനുവരി 16-ലെ സർക്കാർ ഉത്തരവിനു ശേഷം വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന് മാത്രമല്ല അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും വകുപ്പ് മേധാവികൾ തയ്യാറാകുന്നില്ല. കെ.ടി.ഡി.സി., കെ.എസ്.ആർ.ടി.സി. തുടങ്ങിയ പൊതു മേഖലാ സ്ഥാപനങ്ങൾ നേരത്തെ റിപ്പോർട്ട് ചെയ്തിട്ടുള്ള വേക്കൻസികൾ ക്യാൻസൽ ചെയ്തുകൊണ്ട് പി. എസ്. സി. ക്ക് കത്തു നൽകിക്കഴിഞ്ഞിരിക്കുകയാണ്. ധനകാര്യ വകുപ്പിലേയും ഭരണ പരിഷ്ക്കാര വകുപ്പിലേയും സെക്രട്ടറിമാരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള കമ്മിററിയുടെ അനുമതിയോടെ മാത്രമേ വിവിധ വകുപ്പുകളിലെ ഒഴിവുകൾ നികത്താവൂ എന്ന നിർദ്ദേശം ഭരണഘടനാപ്രകാരം രൂപീകരിച്ചിട്ടുള്ള പി. എസ്.സി.യുടെ അധികാരത്തിൻമേലുള്ള കടന്നുകയറ്റമാണ്. ഒരോ വർഷവും ഏകദേശം 25000 റിട്ടയർമെന്റ് വേക്കൻസികൾ ഉണ്ടാകുന്നുണ്ട്. ആ നിലയിൽ കഴിഞ്ഞ ആറു മാസം കൊണ്ട് ഏകദേശം 12000 ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടിടത്ത് 400 ഒഴിവുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതു കാരണം പി. എസ്. സി. നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾ വഴിയാധാരമായിരിക്കുകയാണ്. അഞ്ചു വർഷം കൊണ്ട് 15 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന വാഗ്ദാനം ഗവൺമെന്റ് വിസ്മരിച്ചിരിക്കുന്നു. തൊഴിലില്ലാത്ത യുവതീ യുവാക്കൾ കടുത്ത നിരാശയിലാണ്. ആയതിനാൽ നിയമന നിരോധനം പിൻവലിക്കുന്നതിനും അഡ്വൈസ് മെമ്മോ നൽകിയവർക്ക് നിയമനം നൽകുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): 16.1.2002-ലെ ഉത്തരവ് അനുസരിച്ച് വിവിധ വകുപ്പുകളിൽ അധികമുള്ള ജീവനക്കാരെ കണ്ടെത്തുന്നതിന് ധനകാര്യവകുപ്പ് (എക്സ്പെൻഡിച്ചർ) സെക്രട്ടറിയും ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പു സെക്രട്ടറിയും ഉൾപ്പെടുന്ന ഒരു കമ്മിററി രൂപീകരിച്ചിരുന്നു. ആ കമ്മിററിയുടെ കാലാവധി 30.6.2002-ൽ

അവസാനിക്കും. ഈ കമ്മിറ്റി വിവിധ വകുപ്പുകളിലായി നടത്തിയ പരിശോധനയിൽ ഏകദേശം 13,691 ജീവനക്കാർ അധികമാണെന്ന് കണ്ടെത്തുകയും ജീവനക്കാരുടെ സഹകരണത്തോടെ അവരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയുമാണ്. അതോടൊപ്പം നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷംകൂടി നീട്ടുന്നതിനും പി.എസ്.സി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി. എസ്.സി. നിയമന ശുപാർശ നൽകിയ 2170 പേരെ കണ്ടക്ടർമാരായി നിയമിക്കുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ട്.

(2) <u>കൊച്ചി തുറമുഖത്തിനു പുറത്ത് നിർദ്ദിഷ്ട സൂപ്പർ കണ്ടയിനർ ടെർമിനൽ സ്ഥാപിക്കുന്നത് ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്</u>: കൊച്ചി തുറമുഖം അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. കൊച്ചിൻ റിഫൈനറിയിൽ നിന്നുളള ക്രൂഡ് ഓയിൽ ട്രാൻപോർട്ടിംഗിൽ നിന്നുളളതാണ് കൊച്ചി തുറമുഖത്തിന്റെ മുഖ്യ വരുമാനം. കൊച്ചിൻ റിഫൈനറി അന്ധകാരനഴിയുടെ സമീപത്ത് മനക്കോടം എന്ന സ്ഥലത്ത് പുതുതായിട്ട് ഒരു സിംഗിൾ ബോയ് മൂറിംഗ് പദ്ധതി തുടങ്ങാനുളള ശ്രമത്തിലാണ്. അതിന് സഹായകരമായ വിധത്തിൽ ഒരു മൈനർ പോർട്ട് തുടങ്ങാനുളള അനുമതി സംസ്ഥാന ഗവൺമെന്റ് നൽകിക്കഴിഞ്ഞു. വല്ലാർപാടം സൂപ്പർ കണ്ടയിനർ ടെർമിനൽ പ്രാവർത്തികമായാൽ വളരെ കേവ് ഭാരമുളള കപ്പലുകളിൽ ക്രൂഡ് ഓയിലിന്റെ ട്രാൻസ്പോർട്ടിംഗ് നടത്താൻ സാധിക്കും. അതുകൊണ്ട് അന്ധകാരനഴിക്ക് സമീപം മൈനർ പോർട്ട് തുടങ്ങുന്നതിന് കൊടുത്ത അനുവാദം പിൻവലിക്കുകയും നിർദ്ദിഷ്ട വല്ലാർപാടം സൂപ്പർ കണ്ടയിനർ ടെർമിനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുളള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ സമമർദ്ദം കേന്ദ്രത്തിൽ ചെലുത്തുകയും ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ.എ.കെ.ആന്റണി</u>): കൊച്ചിൻ റിഫൈനറി അന്ധകാരനഴിക്ക് സമീപം മനക്കോടം എന്ന സ്ഥലത്ത് ഒരു സിംഗിൾ ബോയ് മൂറിംഗ് സംവിധാനം ഏർപ്പെടുത്താനുളള നീക്കം ആരംഭിച്ചതിന്റെ ഭാഗമായി ഒരു ചെറുകിട തുറമുഖമാക്കി മാററുന്നതിന് സംസ്ഥാന ഗവൺമെന്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നു. കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ഇതിനെ എതിർക്കുകയും സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. രണ്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള തർക്കമായതുകൊണ്ട് സിംഗിൾ ബോയ് മൂറിംഗ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേന്ദ പെട്രോളിയം മന്ത്രാലയവുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും വേഗം വല്ലാർപാടം സൂപ്പർ കണ്ടയിനർ ടെർമിനൽ പ്രോജക്ട് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്നും അന്ധകാരനഴിക്ക് സമീപം മൈനർ പോർട്ട് തുടങ്ങുന്നതിന് കൊച്ചിൻ റിഫൈനറിക്ക് നൽകിയ അനുവാദം പിൻവലിക്കാമെന്നും ഷിപ്പിംഗ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ

മുൻനിർത്തിക്കൊണ്ടുള്ള നടപടികളാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വല്ലാർപാടം സൂപ്പർ കണ്ടയിനർ ടെർമിനൽ സ്ഥാപിക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് ചെയ്യാൻ പററുന്ന കാര്യങ്ങൾ കൂടുതൽ ശുഷ്ക്കാന്തിയോടുകൂടി ചെയ്യുന്നതാണ്.

## സബ്മിഷൻ

(1) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ എത്രയും വേഗം പുതുക്കുന്നതിന് ആവശ്യമായ നടപടി.

ശ്രീ.കെ.എ.ചന്ദ്രൻ : 1988-ൽ പുതുക്കേണ്ടിയിരുന്ന പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ സമയബന്ധിതമായി പുതുക്കുകയും കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കി പാലക്കാട് മേഖലയെ രക്ഷിക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്) : 1970-ൽ തമിഴ്നാടുമായിട്ടുണ്ടാക്കിയ പറമ്പിക്കുളം-ആളിയാർ കരാറിന്റെ കാലാവധി 1988-ൽ കഴിഞ്ഞെങ്കിലും ഇതുവരെ പുതുക്കാൻ കഴിഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച് തമിഴ്നാടുമായി എട്ട് പ്രാവശ്യം ചർച്ചകൾ നടന്നെങ്കിലും അന്തിമ തീരുമാനത്തിൽ എത്തിയില്ല. തമിഴ്നാട് നിരവധി കരാർ ലംഘനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അതൊന്നും അവർ സമ്മതിക്കുന്നില്ല. കരാറിന് വിരുദ്ധമായി തമിഴ്നാട് ഒരു ഡാമും നിർമ്മിച്ചിട്ടുണ്ട്. ഏററവും അവസാനം നടന്ന ചർച്ചയിൽ ഇരു സംസ്ഥാനങ്ങളിലേയും ഉദ്യോഗസ്ഥന്മാരടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിററി പ്രശ്നങ്ങൾ പഠിച്ച് മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയശേഷം ഇരു സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ തമ്മിൽ ചർച്ച നടത്തി കഴിയുന്നതും വേഗം കരാർ പുതുക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(2) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കന്ററിക്ക് കൂടുതൽ കോഴ്സുകളും ബാച്ചുകളും അനുവദിക്കൽ

ശ്രീ.രാജു എബ്രഹാം: പുതിയ അൺഎയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിനു പകരം നിലവിലുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കന്ററിക്ക് കൂടുതൽ കോഴ്സുകളും ബാച്ചുകളും അനുവദിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): നിലവിലുള്ള ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളുകളിൽ പ്ളസ് ടൂ അനുവദിക്കുന്ന കാര്യം ഗവൺമെന്റ് നയപരമായി തീരുമാനിച്ചിട്ടില്ല. ഗവൺമെന്റിന്റെ ഇന്നത്തെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് അൺ എയ്ഡഡ് മേഖലയിൽ പ്ളസ് ടു അനുവദിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എയ്ഡഡ്

സ്ക്കുളുകളിലും അൺ എയ്ഡഡ് പ്ളസ് ടു കൊടുക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുന്നുണ്ട്.

(3) പാൻ മസാല, പാൻ പരാഗ് തുടങ്ങിയ ലഹരി പദാർതഥങ്ങളുടെ ഉപയോഗം തടയൽ

ശ്രീമതി ശോഭനാ ജോർജ്: പാൻ മസാല, പാൻ പരാഗ് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം നിയമംമൂലം നിരോധിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : പാൻ മസാല, പാൻ പരാഗ് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം സ്ക്കൂൾ കുട്ടികളിലും പൊതുജനങ്ങളിലും ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുകയില ചേർത്ത പാൻ മസാലയുടെ ഉല്പാദനം, സംഭരണം, വിതരണം, വില്പന എന്നിവ ഒരുവർഷത്തേയ്ക്ക് നിരോധിച്ചുകൊണ്ട് 19-6-01-ൽ ആരോഗ്യ വകപ്പ് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. 2002-ലെ കേരള ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമം ആരോഗ്യ-നിയമ വകുപ്പുകളുടെ പരിഗണനയിലാണ്.

(4) കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് ജലസേചന പദ്ധതി

ശ്രീ.കെ.വി.കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിലെ ജലസേചന പദ്ധതി അടിയന്തിരമായി നടപ്പിലാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്): കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് പദ്ധതിക്ക് 121 ലക്ഷം രൂപ മതിപ്പ് ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയശേഷമേ അന്തിമ തീരുമാനമെടുക്കാൻ കഴിയൂ. ഇക്കാര്യത്തിൽ അനുഭാവപൂർവമായ സമീപനം ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(5) വയനാട് ജില്ലയിലെ പട്ടയഭൂമിയിലെ നിരോധിച്ചിട്ടില്ലാത്ത മരങ്ങൾ മുറിക്കാനുള്ള അനുവാദം

ശ്രീ.എൻ.ഡി.അപ്പച്ചൻ: വയനാട് ജില്ലയിൽ നിയമാനുസൃതം പട്ടയം വാങ്ങി കൈവശം വച്ചനുഭവിക്കുന്നവരുടെ ഭൂമിയിൽ അവരവർ നട്ടുവളർത്തിയതും നിരോധനം ഇല്ലാത്തതുമായ മരങ്ങൾ മുറിക്കാനുള്ള അനുവാദം നൽകാൻ നടപടി സ്വീകരിക്കണം.

വനം വകുപ്പുമന്ത്രി (ശ്രീ.കെ. സുധാകരൻ): ഹൈക്കോടതിയുടെ ഒരു ഇടക്കാല ഉത്തരവ് അനുസരിച്ചാണ് മരം മുറിക്കാനുള്ള അനുവാദമില്ലാത്തത്. നിയമവകുപ്പുമായി ആലോചിച്ച് പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

1. 2002-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബി*ല്ലിനെ സം* ബന്ധിച്ച
സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. 2002-ലെ കേരള സഹകരണ സംഘം (ഭേദഗതി) *ബില്ലിനെ സംബ*ന്ധിച്ച സബ്ജക്ട് കമ്മിറ്റി
റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും *ബില്ലുകളും സം*ബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

2. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

1. 2002-ലെ കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ബിൽ

ശ്രീ.ഇ.ടി.മുഹമ്മദ് ബഷീർ: 2002-ലെ കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം.ഹസ്സൻ): ബില്ലിനെ എതിർക്കുന്നു.

ശ്രീ.ഇ.ടി.മുഹമ്മദ് ബഷീർ: കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഫലപ്രദമായ മാനേജുമെന്റ് ഏർപ്പെടുത്തുന്നതിനുള്ള ഒരു സംവിധാനമാണ് 2002-ലെ കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇൻഡ്യയിൽ ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബ*ന്ധപ്പെട്ട ദേശീയ വിദ്യാഭ്യാസ* നയത്തിലും ജ്ഞാനം കമ്മിഷൻ റിപ്പോർട്ടിലും അസോസിയേഷൻ ഓഫ് ഇൻഡ്യാ യൂണിവേഴ്സിറ്റീസിന്റെ ജനറൽ കൗൺസിലിന്റെ നിർദ്ദേശങ്ങളിലും വൈസ് ചാൻസലേഴ്സ് കോൺഫറൻസിന്റെ നിർദ്ദേശങ്ങളിലും, കേരള യൂണിവേഴ്സിറ്റി ഭരണ സംവിധാനത്തിൽ വരുത്തേണ്ട മാറ്റത്തെ സംബന്ധിച്ച് നിർദ്ദേശിക്കാൻ നിയോഗിച്ച പത്മാ രാമചന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലും ഇത്തരമൊരു കൗൺസിലിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ

ത്തിന്റെ ദിശാബോധം എങ്ങനെ ആയിരിക്കണമെന്ന് യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകാൻ പര്യാപ്തമായ നിയമപരമായ അധികാരമുള്ള ഒരു ബോഡി ഇന്നില്ല. അതുപോലെതന്നെ ഗവൺമെന്റിന്റേയും യൂണിവേഴ്സിറ്റികളുടേയും യു.ജി.സി.യുടേയും ഇടയിലുള്ള ഒരു ലെയ്സൺ ബോഡിയുടെ അനിവാര്യതയും വിദ്യാഭ്യാസ രംഗത്തുണ്ട്. യൂണിവേഴ്സിറ്റികളുടെ പ്ളാനിംഗ് ഘട്ടത്തിൽ യു.ജി.സി.യുമായി ബന്ധപ്പെട്ട് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്താനും കേരളത്തിന്റെ സർവ്വതോമുഖമായപുരോഗതിക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി യൂണിവേഴ്സിറ്റിക്ക് കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുന്നതിനും യൂണിവേഴ്സിറ്റി പരീക്ഷാ നടത്തിപ്പിന്റേയും മറ്റും കാര്യത്തിൽ കോമൺ കലണ്ടർ ഉണ്ടാക്കി സമയത്ത് റിസൾട്ട് പ്രഖ്യാപിക്കുന്നതിനും സ്വതന്ത്രമായ നിയമ പശ്ചാത്തലമുള്ള ഒരു ബോഡി രൂപീകരിക്കേണ്ടത് ആവശ്യമാണ്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പ്രത്യേക നിയമനിർമ്മാണമായോ യൂണിവേഴ്സിറ്റി ഏകീകൃത നിയമത്തിന്റെ ഭാഗമായിട്ടോ നിലവിൽ വന്നുകഴിഞ്ഞു. കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് ഇന്റേണൽ റിസോഴ്സ് മൊബിലൈസേഷൻ സംവിധാനമുണ്ടാക്കുന്നതിനും ഇൻഡസ്ട്രിയും റിസർച്ച് ഇൻസ്ടിറ്റ്യൂഷനുകളുമായി ഇന്ററാക്ഷൻ പദ്ധതിയുണ്ടാക്കി അവ ഏതെല്ലാം വിധത്തിൽ നടപ്പിലാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ഒരു സംവിധാനം ആവശ്യമാണ് . ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ എം. എം. ഹസ്സൻ ) ഗവൺമെന്റ് തത്വത്തിൽ ബില്ലിനെ എതിർക്കുന്നില്ല . 20. . 3 . 2000-ലെ ഉത്തരവു പ്രകാരം രൂപീകൃതമായ കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ കാലാവധി കഴിഞ്ഞതിനെത്തുടർന്ന് കൗൺസിൽ പുന: സംഘടിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് സജീവമായി പരിഗണിച്ചുവരികയാണ് . 1993-ലെ ഏകീകൃതസർവ്വകലാശാലാ ബില്ലിലും ഉന്നതവിദ്യഭ്യാസത്തിന് സംസ്ഥാനത്ത് ഒരു കൗൺസിൽ രൂപീകരിക്കുന്ന കാര്യം വിഭാവന ചെയ്തിരുന്നു . യു.ജി.സി.യും അക്കാര്യം ശുപാർശ ചെയ്തിട്ടുള്ളതാണ് . ഈ സാഹചര്യത്തിൽ ഇത്തരത്തിലൊരു നിയമനിർമ്മാണം ഗവൺമെന്റിന്റെ പരിഗണനയിലുള്ളതുകൊണ്ട് ഇതു് അനൗദ്യോഗികബില്ലായി അവതരിപ്പിക്കേണ്ടതില്ല .

(;ചർച്ച തുടരും)

2. 2001-ലെ കേരള പീടിക തൊഴിലാളി ക്ഷേമനിധി ബിൽ.

3. 2001-ലെ കേരളഫോട്ടോഗ്രാഫർമാരുടെ ക്ഷേമനിധി ബിൽ.

(പ്രസ്തുത ബില്ലുകളുടെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്ന അംഗങ്ങൾ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

4. 2002–ലെ കേരള പാരംപര്യ നാട്ടുവൈദ്യ ക്ഷേമനിധി ബിൽ

ശ്രീ. കളത്തിൽ അബ്ദുള്ള: 2002–ലെ കേരള പാരംപര്യ നാട്ടുവൈദ്യക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള: ഭാരതത്തിന്റെ മഹത്തായ പൈതൃകമായ വൈദ്യ ശാസ്ത്ര ശാഖയാണ് ആയുർവേദം. ആയുർവേദ ചികിൽസാ രീതിയെക്കുറിച്ച് വേദങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പാരംപര്യ ആയുർവേദ ചികിൽസാ വൈദ്യൻമാർ ഇന്ന് സാംപത്തികമായ കഷ്ടപ്പാടുകൾകൊണ്ട് വിഷമിക്കുകയും സമൂഹത്തിൽനിന്നും അവഗണിക്കപ്പെടുകയുമാണ്. പാരംപര്യ വൈദ്യൻമാർ ഒരുമൂലി ചികിൽസയാണ് നടത്തുന്നത്. യുനാനി വൈദ്യശാല ഡൽഹി കേന്ദ്രമാക്കി സ്ഥാപിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പ്രക്രിയയിലൂടെ നാട്ടുമരുന്നുകളുടെ സംരക്ഷണത്തിനാവശ്യമായ ഒട്ടേറെ ശ്രമങ്ങൾ നടന്നിട്ടുണ്ട്. നശിച്ചുപോകുന്ന പല മരുന്നുകളും പ്രിസർവു ചെയ്യാൻ പാരംപര്യ വൈദ്യൻമാർക്ക് സാംപത്തിക സഹായം ഉറപ്പുവരുത്തണം. ലോകത്തിലെ പല രാജ്യങ്ങളിലും പല മരുന്നുകൾക്കും പേറ്റൻസി ഏർപ്പെടുത്തിക്കഴിഞ്ഞു. അത് അവസാനിക്കാൻ പോകുകയാണ്. ഇനി ച്യവനപ്രാശംപോലുള്ള മരുന്നുകൾക്ക് വില നിശ്ചയിക്കാനുള്ള അധികാരം അമേരിക്കയുടെ കൈയ്യിലാകാൻ പോകുകയാണ്. അതുകൊണ്ട് ഇത് കേരളത്തിൽ ഉൽപ്പാദിപ്പിക്കാനുള്ള അവകാശം കേരളത്തിലെ പാരംപര്യ വൈദ്യൻമാർക്ക് നൽകണം. കേരളത്തിലെ പാരംപര്യ വൈദ്യൻമാർക്ക് പാലക്കാട് ആസ്ഥാനമാക്കി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കണം.

(ചർച്ച തുടരും)

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) തത്വത്തിൽ ഇത്തരമൊരു നിയമം കൊണ്ടുവരുന്നതിനോട് ഗവൺമെന്റ് യോജിക്കുന്നു. ഇത്തരമൊരു ക്ഷേമനിധി ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. പക്ഷേ ഗവൺമെന്റിന്റെ സാംപത്തിക പരാധീനത അതിന് അനുവദിക്കുന്നില്ല. ഒരുമൂലി, യുനാനി തുടങ്ങിയ ചികിൽസാ സംപ്രദായങ്ങളെ അങ്ങേയറ്റം ഗൗരവമായാണ് ഈ ഗവണ്മെന്റ് നോക്കിക്കാണുന്നത്. പാരംപര്യവൈദ്യൻമാർ എന്ന പേര് ഉപയോഗിച്ചുകൊണ്ട് അവരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാൻ സമഗ്രമായ ഒരു നിയമം കൊണ്ടുവരുന്നതിന് ഒരു പഠനം

നടത്തേണ്ടതുണ്ട്. കേന്ദ്ര ഗവണ്മെന്റ് ഇത്തരമൊരു നിയമം കൊണ്ടുവരുന്നുണ്ട്. അതിന് സംസ്ഥാന ഗവണ്മെന്റും വേണ്ട സമ്മർദ്ദം ചെലുത്തുന്നതാണ്. മരുന്ന് നിർമ്മാണത്തിന്റെ കാര്യത്തിലുള്ള തടസ്സങ്ങൾ ഇന്ന് നിലവിലുള്ള നിയമമനുസരിച്ച് നീക്കുന്നതാണ്. വൻതോതിൽ മുതൽമുടക്കാൻ കഴിവുള്ളവർ ഈ നിയമത്തിന്റെ മറവിൽ ചൂഷണം നടത്തുന്നുണ്ട്. അവർക്കെതിരെ നിയമ നടപടി സ്വീകരിക്കേണ്ടിവരുന്നു. എന്നാൽ അറിയപ്പെടുന്ന പാരംപര്യ വൈദ്യൻമാർ മരുന്ന് ഉണ്ടാക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. അവരെ ഗവൺമെന്റ് തടസ്സപ്പെടുത്തുന്നില്ല. ഈ പ്രശ്നം വളരെ ഗൗരവമായി പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. തത്വത്തിൽ അംഗീകരിക്കുന്നുണ്ടെങ്കിലും ഈ ബില്ലിനെ എതിർക്കുന്നു.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

## <u>2001-ലെ കേരള പാൻമസാല (നിയന്ത്രണ) ബിൽ</u>

<u>ശ്രീ.ടി.എൻ. പ്രതാപൻ:</u> 2001-ലെ കേരള പാൻമസാല (നിയന്ത്രണ) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ.പി.ടി.തോമസ്</u>: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ വകുപ്പു മന്ത്രി <u>(ശ്രീ.പി.ശങ്കരൻ)</u>: ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

<u>ശ്രീ. ടി.എൻ. പ്രതാപൻ</u>: കേരളത്തിൽ പാൻമസാലയുടെ ഉപയോഗം ഗുരുതരമായ ആരോഗ്യ പ്രശ്നം സൃഷ്ടിക്കുന്നു. ഏറ്റവും അപകടകരമായ സ്ഥിതിയിലേയ്ക്ക് പോകുകയാണ്. 1993-ഓടുകൂടിയാണ് പാൻമസാലയിൽ മയക്കുമരുന്നു ചേർത്ത പുതിയ രൂപം കടന്നുവന്നത്. അതിപ്പോൾ സർവ്വവ്യാപിയായി ഗ്രാമങ്ങളേയും നഗരങ്ങളേയും കയ്യടക്കുകയുണ്ടായി. മയക്കുമരുന്നിന് അടിമപ്പെട്ടാൽ ലോകത്ത് ആരും രക്ഷപ്പെടുകയില്ല. മാരകമായ രോഗങ്ങൾ ഉണ്ടാക്കുന്ന വസ്തുക്കൾ ഉപയോഗിച്ചാണ് പാൻമസാലയുണ്ടാക്കുന്നത്. ഇത് ഉപയോഗിക്കുന്നവരിൽ അർബുദ രോഗം ഉണ്ടാക്കുന്നു. നമ്മുടെ വിദ്യാർത്ഥികളേയും യുവജനങ്ങളേയും ദുഷിപ്പിക്കുന്ന പാൻമസാലയുടെ ഉപയോഗം നിയന്ത്രിച്ച് പുതിയ തലമുറയെ അതിൽനിന്നും മോചിപ്പിക്കേണ്ടത് അനിവാര്യമാണ്. പാൻമസാല, പാൻപരാഗ് എന്നീ ഉല്പന്നങ്ങളുടെ വില്പനയും വിപണനവും തീർച്ചയായും നിയന്ത്രിക്കണം. അതിനാവശ്യമായ ഒരു നിയമം നിർമ്മിക്കുന്നതിന് വേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പുമന്ത്രി <u>(ശ്രീ. പി. ശങ്കരൻ)</u>: ആൺ-പെൺ ഭേദമില്ലാതെ വിദ്യാർത്ഥികൾപോലും ഉപയോഗിക്കുന്നതും നിരവധി മാരകരോഗങ്ങൾക്ക് ഹേതുവുമായ

പാൻമസാല തുടങ്ങിയ ലഹരിവസ്തുക്കൾ സംസ്ഥാനത്ത് നിരോധിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള ഒരു വിഷയമാണ്. ആരോഗ്യവകുപ്പിന്റെ പരിഗണനയിലുള്ള 2002-ലെ കേരള ഭക്ഷ്യ മായം ചേർക്കൽ നിരോധന ചട്ടം നിലവിൽ വരുന്നതോടുകൂടി ഇത്തരം സാധനങ്ങൾ നിരോധിക്കാനാവും. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങൾ പൂർണ്ണമായും സ്വീകരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

1. ദി കേരള സിവിൽ കോർട്ട്സ് (അമന്റുമെന്റ്) ബിൽ 2001
   (ശ്രീ.എം.മുരളി നോട്ടീസ് നൽകിയത്)

2. 2001-ലെ കേരള സംസ്ഥാന ക്ളോസ്ഡ് ഫാക്ടറി വർക്കേഴ്സ് സമാശ്വാസ ബിൽ
   (ശ്രീ.കെ.പി.രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

(ബില്ലുകളുടെ അവതരണാനുമതിക്ക് നോട്ടീസ് കൊടുത്തിരുന്ന അംഗങ്ങൾ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ പ്രസ്തുത ബില്ലുകൾ ചർച്ചയ്ക്ക് എടുത്തില്ല)

3. 2001-ലെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ദിവസവേതന തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീമതി ശോഭനാ ജോർജ്ജ് നോട്ടീസ് നൽകിയത്)
(ചർച്ച തുടർച്ച)

ശ്രീമതി ശോഭനാ ജോർജ്:: സംസ്ഥാനത്തെ 249 ബിവറേജസ് കോർപ്പറേഷൻ ഷോപ്പുകളിൽ പണിയെടുക്കുന്ന രജിസ്റ്റേർഡ് തൊഴിലാളികളും ദിവസവേതനക്കാരായ തൊഴിലാളികളും ഒരേരീതിയിലുള്ള ജോലി ഒരേ സമയക്ളിപ്തതയനുസരിച്ചാണ് ചെയ്യുന്നതെങ്കിലും രജിസ്റ്റേർഡ് തൊഴിലാളികൾക്ക് ലഭിക്കുന്ന തോതിലുള്ള ശംപളമോ മറ്റ് ആനുകൂല്യങ്ങളോ ദിവസവേതനക്കാർക്ക് ലഭിക്കുന്നില്ല. ദിവസവേതനക്കാരായ 628-ഓളം തൊഴിലാളികൾക്കു് 12 മണിക്കൂർ ജോലി ചെയ്താൽ 120 രൂപയാണ് ലഭിക്കുന്നത്. ഇതു തീരെ അപര്യാപ്തമാണ്. ഈ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. അതിനുവേണ്ടിയാണ് സ്വകാര്യ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം.ഹസ്സൻ): അബ്കാരി തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിന് അബ്കാരി തൊഴിലാളി ക്ഷേമനിധി നിലവിലുണ്ട്. ബിവറേജസ് കോർപ്പറേഷനിലെ ദിവസവേതനക്കാരായ തൊഴിലാളികളുടെ വേതനവും ആനുകൂല്ല്യങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള ഈ ബില്ലിന് അനുമതി നൽകിയാൽ ഇത്തരത്തിലുള്ള പല വിഭാഗക്കാരിൽ നിന്നും ഇതേ ആവശ്യം ഉയർന്നുവരും. അതെല്ലാം പരിഗണിക്കണമെങ്കിൽ സർക്കാരിന് വമ്പിച്ച സാമ്പത്തികബാദ്ധ്യതയുണ്ടാകും. ഗവൺമെന്റിന്റെ ഇന്നത്തെ സാമ്പത്തികസ്ഥിതി അതിന്

അനുകൂലമല്ലാത്തതിനാൽ ഈ ബിൽ അംഗീകരിക്കാൻ നിവൃത്തിയില്ല. പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.)

സഭ ഉച്ചയ്ക്കുശേഷം 12.25-ന് പിരിഞ്ഞു.

-------------